ചാത്തന്നൂർ-പരവൂർ റോഡിന്റെ ഭാഗങ്ങൾ

211 (1268) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം താലൂക്കിലെ മീനാട് വില്ലേജ് ഓഫീസ് പരിധിയിൽ ചാത്തന്നൂർ-പരവൂർ റോഡിന്റെ ഭാഗങ്ങൾ സ്വകാര്യവ്യക്തികൾ കയ്യേറ്റം നടത്തി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും പരാതി ലഭിച്ചിരുന്നുവോ ;

(ബി) എങ്കിൽ പ്രസ്തുത ഭൂമി കയ്യേറ്റക്കാരിൽ നിന്നും തിരികെയെടുക്കുവാൻ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ ജോലികൾ ആരംഭിക്കേണ്ടതിനാൽ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം അഡീഷണൽ തഹസിൽദാർക്ക് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷയിന്മേൽ ചാത്തന്നൂർ പൊതുമരാമത്ത് നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ മീനാട് വില്ലേജിലെ ബ്ലോക്ക് 32-ൽ സർവ്വെ 231/13-ന്റെ അതിർത്തി 19-9-2014-ൽ പുനർ നിർണ്ണയം ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത റോഡ് കയ്യേറ്റ സ്ഥലത്തോട് ചേർന്നുള്ള വസ്തുക്കളുടെ റവന്യൂ ലിസ്റ്റ് എത്രയുംവേഗം തയ്യാറാക്കി നൽകുവാൻ ജില്ലാ കളക്ടർ മീനച്ചിൽ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ചെറുവണ്ണൂർ-കൊളത്തറ റോഡിന്റെ സ്ഥലമെടുപ്പ് നടപടി

212 (1269) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ ചെറുവണ്ണൂർ-കൊളത്തറ റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ എത്രത്തോളമായെന്ന വ്യക്തമാക്കുമോ ;

(ബി) സ്ഥലമെടുപ്പ് നടപടികൾക്ക് 2006-ൽ ഉത്തരവായിട്ടും ഇതുവരെ പ്രവർത്തനങ്ങൾ തുടങ്ങാത്തതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(സി) ഇക്കാര്യത്തിൽ അലംഭാവം ഉണ്ടായത് ആരുടെ ഭാഗത്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉത്തരവാദിത്തരഹിതമായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഇ) ഈ പ്രവൃത്തി തുടരുവാൻ പ്രത്യേക സർക്കാർ ഉത്തരവിനായി കളക്ടർ നിർദ്ദേശം സമർപ്പിച്ചതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചെറുവണ്ണൂർ-കൊളത്തറ റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കാത്തതിനാൽ 26-6-2014-ൽ കാലഹരണപ്പെട്ടു.

(ബി) ചെറുവണ്ണൂർ-കൊളത്തറ റോഡിന്റെ വികസനത്തിന് സ്ഥലമേറ്റെടുക്കുന്നതിന് 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചെങ്കിലും ഭൂമിയും അലൈൻമെന്റും പൊരുത്തപ്പെടാത്തതിനാൽ ആയത് വീണ്ടും തിരുത്തി ഉത്തരവാകേണ്ടിവന്നു. അതനുസരിച്ച് 15-3-2012-ൽ പ്രഖ്യാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചു. 10-9-2013, 24-10-2013 തീയതികളിൽ ജില്ലാതല പർച്ചേസ് കമ്മിറ്റി ചേർന്ന് ചർച്ച നടത്തിയെങ്കിലും വില സംബന്ധിച്ച് ധാരണയിലെത്താൻ കഴിയാഞ്ഞതിനാൽ എൽ.എ. നിയമപ്രകാരം ഭൂമി ഏറ്റെടുക്കുവാൻ തീരുമാനിക്കുകയുണ്ടായി. അവാർഡ് പാസ്സാക്കാൻ ഫണ്ടിന് അപേക്ഷിച്ചെങ്കിലും അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കാത്തതിനാൽ സ്ഥലമെടുപ്പ് നടപടികൾ 26-6-2014-ൽ കാലഹരണപ്പെട്ടു.

(സി&ഡി) 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചെങ്കിലും ഏറ്റെടുക്കേണ്ട ഭൂമിയും അലൈൻമെന്റും പോരുത്തപ്പെടാത്തതിനാൽ ആയത് വീണ്ടും തിരുത്തി ഉത്തരവാകേണ്ടി വന്നതുകൊണ്ടും അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കാത്തതുകൊണ്ടുമാണ് സ്ഥലമെടുപ്പ് നടപടിക്ക് കാലതാമസമുണ്ടായത്.

(ഇ) സ്ഥലമെടുപ്പ് നടപടികൾക്ക് വീണ്ടും അംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് ജില്ലാ കളക്ടർ 26-10-2014-ൽ സമർപ്പിച്ച പ്രൊപ്പോസൽ 60260/ബി 2/2014/റവ ഫയലായി പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായത്തിനായി കൈമാറിയിട്ടുണ്ട്.

കൊയിലാണ്ടിയിലെ ഉള്ളൂർക്കടവ് പാലം

213 (1270) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട പദ്ധതിയായ ഉള്ളൂർകടവ് പാലം സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട റവന്യൂ എൽ.എ. വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്നതിനായി എസ്.എൽ.ഇ.സി. മുൻപാകെ സമർപ്പിച്ച അപേക്ഷയിൽ ഇതുവരെയും തീരുമാനമാവാത്ത സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly